**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

**<u>പ്രസിദ്ധീകരണത്തിന്</u>**

# ഹരിത കേരളം മിഷൻ

## ഫോട്ടോഗ്രാഫി അവാർഡ് ഏർപ്പെടുത്തുന്നു

ഹരിത കേരളം മിഷൻ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ഫോട്ടോഗ്രാഫി അവാർഡ് ഏർപ്പെടുത്തുന്നു. ഹരിതകേരളം മിഷൻ പ്രവർത്തന മാർഗ്ഗരേഖയനുസരിച്ച് സംസ്ഥാനത്തു നടക്കുന്ന പ്രവർത്തനങ്ങളെ ആധാരമാക്കിയും വെള്ളം, വൃത്തി, വിളവ് എന്നീ കാര്യങ്ങൾ മുൻനിർത്തിയും കേരളത്തിന്റെ ഹരിതസമൃദ്ധിയുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ടും ഉള്ള ഫോട്ടോകൾക്കായിരിക്കും അവാർഡ് നൽകുക. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനത്തേയ്ക്ക് ക്യാഷ് അവാർഡും സാക്ഷ്യപത്രവും ലഭിക്കും. പത്ത് പേർക്ക് പ്രോത്സാഹനമായി സാക്ഷ്യപത്രം നൽകും. ഫോട്ടോഗ്രാഫി പ്രൊഫഷനായി സ്വീകരിച്ചവർക്കും അമച്വർ ഫോട്ടോഗ്രാഫർമാർക്കും മത്സരത്തിൽ പങ്കെടുക്കാം. www.contest.haritham.kerala.gov.in എന്ന യു.ആർ.എൽ. വഴി ഓൺലൈനായി മാത്രമേ അപേക്ഷയും ഫോട്ടോകളും സ്വീകരിക്കുകയുള്ളൂ. ഹരിതകേരളം മിഷൻ വെബ്സൈറ്റിലാണ് ഇതിനുള്ള സംവിധാനമൊരുക്കിയിരിക്കുന്നത്. 8 മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും ആയി രണ്ട് വിഭാഗങ്ങളിലായിട്ടാണ് അവാർഡിന് എൻട്രികൾ പരിഗണിക്കുന്നത്. മത്സരാർത്ഥി തന്നെ എടുത്തതും കേരളം പശ്ചാത്തലമായതുമായ ഫോട്ടോഗ്രാഫുകൾ മാത്രമായിരിക്കണം മത്സരത്തിനായി അയക്കേണ്ടത്. ഒരാൾക്ക് മൂന്ന് എൻട്രികൾവരെ അയക്കാം. അവസാന തീയതി 2017 ഡിസംബർ 7. വിശദ വിവരങ്ങൾ ഹരിത കേരളം മിഷൻ വെബ്സൈറ്റിൽ ലഭ്യമാണ്.

Sd/-
**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

01.12.2017.